കഴിയുകയില്ല എന്നാണ് ഉത്തരവാദപ്പെട്ടവർ മറുപടി നൽകിയത്. മേയ് അഞ്ചിന് ഉണ്ടായ നാശനഷ്ടങ്ങൾക്ക് ഗവൺമെന്റിന്റെ പ്രത്യേക ഉത്തരവ് വാങ്ങണമെന്നും പറയുകയുണ്ടായി. കാലവർഷം നേരത്തെ വന്നതിന്റെ പേരിൽ കൃഷിക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന അവസ്ഥയുണ്ടാകരുത്. അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, 5-5-1999-ന് ചുഴലിക്കാറ്റിൽ കുറെ നാശനഷ്ടമുണ്ടായി. കാരാക്കുറിശ്ശി പഞ്ചായത്തിൽ വാഴ, മരച്ചീനി, കുരുമുളക്, തെങ്ങ്, കമുക്, റബ്ബർ എന്നിവയും തച്ചമ്പാറ പഞ്ചായത്തിൽ വാഴയും റബ്ബറുമൊക്കെയാണ് പ്രധാനമായും നശിച്ചത്. ആറ് ലക്ഷത്തോളം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് അറിയുന്നത്. ഈ സംഭവം കൃഷി വകുപ്പിനെ അറിയിച്ച് കൃഷി വകുപ്പുമായി ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമം നടത്തുകയായിരുന്നു. കളക്ടർ ഈ വിവരം അറിഞ്ഞില്ല. കഴിഞ്ഞ ആഴ്ച ഡി.ഡി.സി.യിൽ ബഹുമാനപ്പെട്ട എം.എൽ.എ. ഈ വിഷയം ഉന്നയിക്കുമ്പോഴാണ് ഈ വിഷയംതന്നെ അറിയുന്നത്. അല്ലെങ്കിൽ രണ്ട് ആഴ്ചയ്ക്കുള്ളിൽതന്നെ ഇതിന്റെ നടപടികൾ പൂർത്തിയാക്കി നാശനഷ്ടത്തിന് സാമ്പത്തിക സഹായം നൽകുമായിരുന്നു. സമയാസമയങ്ങളിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനെ അറിയിച്ച് ആവശ്യമായ നടപടികളെടുക്കുന്നതിൽ വന്ന വീഴ്ചകൊണ്ടാണ് ഇത് സംഭവിച്ചത്. ഇപ്പോൾ സബ്മിഷൻ കിട്ടിയപ്പോൾ ഉടൻതന്നെ യഥാർത്ഥസ്ഥിതി മനസ്സിലാക്കുകയും അന്ന് അപേക്ഷ കൊടുത്തിട്ടുള്ളത് പരിശോധിക്കുകയും ചെയ്തു. മുഴുവൻ അപേക്ഷകളും തിരിച്ചു വാങ്ങി അതിന്റെ നടപടികൾ പൂർത്തിയാക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളിൽ ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതാണ്.

## (7) ചാലക്കുടി പട്ടയവിതരണ യൂണിറ്റ് തൃശ്ശൂരിൽ നിലനിർത്തണമെന്ന ആവശ്യം

ശ്രീ. സി. എൻ. ജയദേവൻ : സർ, തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ വനഭൂമിക്ക് പട്ടയം വിതരണം ചെയ്യാനുള്ളത് പീച്ചി റെയ്ഞ്ചിലാണ്. പട്ടയ വിതരണത്തിനാവശ്യമായിട്ടുള്ള സ്പെഷ്യൽ തഹസീൽദാർ ഓഫീസ് തുറന്നിരിക്കുന്നത് തൃശ്ശൂർ ജില്ലയിലെ തെക്കെ അറ്റമായ ചാലക്കുടിയിലും പ്രത്യേകിച്ച് പ്രധാന ധ്യാനകേന്ദ്രമായ പോട്ടയുടെ അടുത്തുമാണ്. തൃശ്ശൂർ ജില്ലയിലെ റവന്യൂ വകുപ്പിന്റെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാരുടെ പിടിപ്പുകേടും ഒരു തരത്തിലുള്ള ഗൂഢാലോചനയുടെ ഭാഗവുമായിട്ടാണ് ഈ ഓഫീസ് ജില്ലയുടെ തെക്കെ അറ്റത്ത് കൊണ്ടുപോയി സ്ഥാപിച്ചത്. അത് മാറ്റുന്നതിനുവേണ്ടി കഴിഞ്ഞ ആറ് മാസമായി ബന്ധപ്പെട്ട റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരേയും മറ്റ് അധികാരികളേയും ഈ വിഷയം അറിയിച്ചിട്ടുണ്ട്. ആ ഓഫീസ് മാറ്റുന്നതിനാവശ്യമായ യാതൊരു നടപടിയും ഇതുവരെ കൈക്കൊണ്ടിട്ടില്ല. അതുകൊണ്ട് ഈ ഓഫീസ് കഴിയുന്നതും പീച്ചി റെയ്ഞ്ചിന്റെ മേഖലയിൽ, അതല്ലെങ്കിൽ തൃശ്ശൂരിലെങ്കിലും സ്ഥാപിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, 1-1-1977-ന് മുമ്പ് വനഭൂമി കൈവശക്കാരായവർക്ക് പട്ടയം നൽകാനുള്ള തീരുമാനം എടുത്തപ്പോൾ പത്ത് യൂണിറ്റ് ഇടുക്കി ജില്ലയിലും രണ്ട് യൂണിറ്റ് തൃശ്ശൂർ ജില്ലയിലും ആരംഭിക്കാനും പുതിയതായി ആവശ്യമായ സ്റ്റാഫിനെ കൊടുക്കാനും തീരുമാനിച്ചു. 29-ഓളം ജീവനക്കാർ ഓരോ യൂണിറ്റിലും വരും. നിലവിൽ ചാലക്കുടി, തൃശ്ശൂർ എന്നീ രണ്ട് യൂണിറ്റുകളാണ് ഉണ്ടായിരുന്നത്. രണ്ട് യൂണിറ്റുകളാണ് നമ്മൾ പ്രഖ്യാപിച്ചിട്ടുള്ളത്. ചാലക്കുടി-പീച്ചി റേഞ്ചിൽപ്പെട്ട ഗുണഭോക്താക്കളാണ് ചാലക്കുടി യൂണിറ്റിൽ കൂടുതലും. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം. എൽ. എ. ഇവിടെ പറഞ്ഞത് വസ്തുതയാണ്. 2977 കൈവശക്കാരുണ്ട്. അവർക്ക് 1183 ഹെക്ടർ വനഭൂമി പതിച്ച് നൽകേണ്ടതുണ്ട്. അതുകൊണ്ട് പീച്ചി റേഞ്ചുമായി ബന്ധപ്പെട്ട ഈ പ്രദേശങ്ങളിലെ കൃഷിക്കാർക്കുകൂടി സൗകര്യപ്രദമായ സ്ഥലം എന്നുള്ള നിലയിലും എല്ലാപേർക്കും വന്നുപോകാൻ സൗകര്യപ്രദമായ സ്ഥലം എന്ന നിലയിലും ചാലക്കുടി യൂണിറ്റ് തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കണമെന്നു തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അതിന് ആവശ്യമായ നിർദ്ദേശം കൊടുക്കുകയും ഉടനെ തന്നെ ആ യൂണിറ്റ് അങ്ങോട്ട് മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## (8) വർക്കലയിലെ പൊതുമരാമത്ത് പണികൾ നടപ്പാക്കുന്നതിലെ കാലതാമസം

ശ്രീ. എ. അലിഹസ്സൻ : സർ, വർക്കലയിൽ ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടുള്ള പൊതുമരാമത്തു പണികൾ നടപ്പാക്കുന്നതിൽ സംഭവിച്ചിട്ടുള്ള കാലതാമസം ഒഴിവാക്കണമെന്നുള്ള അഭ്യർത്ഥനയാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതോടൊപ്പം ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. വർക്കല നിയോജകമണ്ഡലത്തിലെ എത്ര റോഡുകളുടെ അറ്റകുറ്റ പണികൾ ചെയ്തുവെന്നും അവ ഏതെല്ലാം ആണെന്നും ഓരോ ജോലിക്കും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രസ്തുത ജോലി ചെയ്ത് തീർക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോയെന്നും കാലതാമസം ഒഴിവാക്കി അടിയന്തിരമായി പണി പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2-3-2000-ൽ ചോദിച്ച ഒരു ചോദ്യത്തിന് മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ ശേഖരിക്കാറില്ല എന്നാണ് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി നൽകിയിരിക്കുന്ന മറുപടി. ഇത് വളരെ ഖേദകരമാണ്. ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിപ്രധാനമായ പല പണികൾക്കും വർക്കലയിൽ അനുമതി ലഭിച്ചിട്ടുണ്ട്. പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ചില പണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പത്തു നാല്പതു വർഷക്കാലത്തെ നിരന്തരമായ ശ്രമത്തിന്റെ ഫലമായി വർക്കലയിൽ റയിൽവേ അണ്ടർ ബ്രിഡ്ജിന്റെ പണി ആറ് കോടിയോളം രൂപ ചെലവു ചെയ്ത് നിർമ്മിക്കാൻ അംഗീകാരം ലഭിച്ച് പൂർത്തിയായി വരികയാണ്. സംസ്ഥാന ഗവൺമെന്റാണ് ഫണ്ടിന്റെ മേജർ പോർഷനും കൊടുക്കുന്നത്. പക്ഷേ, ഈ ജോലി പൂർത്തിയായാലും അവിടെയുള്ള അപ്രോച്ച്

LIBRARY ARCHIVES Kerala Legislative Assembly